ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25-03-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ പാർലമെൻറ് പാസാക്കി. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **Intersex Persons (Protection of Rights) Amendment Bill 2026 passed. Both houses adjourned for the day.**

2. പശ്ചിമേഷ്യൻ സംഘർഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം പാർലമെൻറ് സമുച്ചയത്തിൽ പുരോഗമിക്കുന്നു.

   **The all party meeting convened by the government on the West Asia issue is underway in the Parliament House complex.**

3. രാജ്യത്ത് നിലവിൽ 36 കോടി ടൺ ക്രൂഡ് ഓയിൽ ശുദ്ധീകരിക്കാൻ ശേഷിയുണ്ടെന്ന് കേന്ദ്രസർക്കാർ.

   **Government today said that country has the capacity of refining 36 crore tonne crude oil.**

4. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം. നാമനിർദ്ദേശ പത്രിക പിൻവലിയ്ക്കാനുള്ള സമയ പരിധി നാളെ അവസാനിക്കും.

   **Campaigning for the assembly elections in Kerala is in full swing. The deadline for withdrawal of nominations ends tomorrow..**

5. 2025 ലെ സരസ്വതി സമ്മാൻ പുരസ്കാരത്തിന് പ്രശസ്ത എഴുത്തുകാരൻ രാംകുമാർ മുഖോപാധ്യായയുടെ ബംഗാളി നോവൽ ഹര പാർബതി കഥ അർഹമായി .

**Bengali Novel Hara Parbati Katha by Author Ramkumar Mukhopadhyay has been selected for Saraswati Samman, 2025.**

6. **ദേശീയഗീതമായ വന്ദേമാതരത്തിന്‍റെ പൂര്‍ണ്ണ രൂപം ആകാശവാണിയില്‍ നാളെ മുതല്‍ പ്രഭാതത്തില്‍ പ്രക്ഷേപണം ചെയ്യും.**

**Akashvani will broadcast full version of National Song Vande Mataram from tomorrow to open its morning broadcast.**

7. **ആദ്യ ഖേലോ ഇന്ത്യ ട്രൈബല്‍ ഗെയിംസിന് ഛത്തീസ്ഗഢില്‍ തുടക്കമായി.**

**The first Khelo India Tribal Games have begun in Chhattisgarh.**

❁❁❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT

ട്രാന്‍സ്ജെന്‍ഡര്‍ (അവകാശ സംരക്ഷണ) ഭേദഗതി ബില്‍ പാര്‍ലമെന്‍റ് പാസാക്കി. ഇന്നലെ ലോക്സഭ പാസാക്കിയ ബില്ലിന് രാജ്യസഭ ഇന്ന് അംഗീകാരം നല്‍കുകയായിരുന്നു. ചര്‍ച്ചകള്‍ക്ക് ധനമന്ത്രി നിര്‍മല സീതാരാമന്‍ സഭയില്‍ മറുപടി നല്‍കി. 2025 ലെ ഇന്‍സോള്‍വന്‍സി ആന്‍ഡ് ബാങ്ക്റപ്സി കോഡ് (ഭേദഗതി) ബില്ലും ലോക് സഭ പരിഗണിച്ചു. ധനകാര്യ ബില്‍ 2026 ലോക്സഭ ശബ്ദവോട്ടോടെ പാസാക്കി. 2026 ലെ സെന്‍ട്രല്‍ ആംഡ് പോലീസ് ഫോഴ്സ് (ജനറല്‍ അഡ്മിനിസ്ട്രേഷന്‍) ബില്‍ കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് രാജ്യസഭയില്‍, അവതരിപ്പിച്ചു. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁

## RIJIJU - PARLIAMENT HOLIDAY

പാര്‍ലമെന്‍റിന്‍റെ ഇരുസഭകളും വരുന്ന ശനി, ഞായര്‍ ദിവസങ്ങളില്‍ യോഗം ചേരില്ലെന്ന് പാര്‍ലമെന്‍ററി കാര്യ മന്ത്രി കിരണ്‍ റിജിജു. ധനബില്‍ പാസാക്കല്‍ സുപ്രധാനമായതിനാല്‍ വാരാന്ത്യത്തില്‍ ഇരുസഭകളും ചേരുമെന്ന് നേരത്തെ തീരുമാനിച്ചിരുന്നു. എന്നാല്‍ നാളെ അവധിയായതിനാല്‍ പാര്‍ലമെന്‍റ് യോഗം ചേരില്ലെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁

## ALL PARTY MEETING

പശ്ചിമേഷ്യൻ സംഘർഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ അമിത് ഷാ, എസ് ജയശങ്കർ, ഹർദീപ് സിങ്ങ് പുരി ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാരും, മുകുൾ വാസ്നിക്, ജോൺ ബ്രിട്ടാസ് തുടങ്ങിയ പ്രതിപക്ഷ പാർട്ടി നേതാക്കളും പങ്കെടുക്കുന്നുണ്ട്. പാർലമെൻറ് സമുച്ചയത്തിലാണ് യോഗം.

❁❁❁❁❁❁❁❁❁❁❁❁❁❁

## EARLY WEST ASIA- DAILY BRIEF (INTRO)

രാജ്യത്ത് നിലവിൽ 36 കോടി ടൺ ക്രൂഡ് ഓയിൽ ശുദ്ധീകരിക്കാൻ ശേഷിയുണ്ടെന്ന് കേന്ദ്രസർക്കാർ. പെട്രോൾ, ഡീസൽ നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നും പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ വ്യക്തമാക്കി. വ്യാജപ്രചാരണങ്ങളിൽ പരിഭ്രാന്തരാകരുതെന്നും അവർ പൗരന്മാരോട് അഭ്യർത്ഥിച്ചു. പശ്ചിമേഷ്യയിലെ സമീപകാല സാഹചര്യം സംബന്ധിച്ച് ന്യൂഡൽഹിയിൽ ഇന്ന് നടന്ന അന്തർ മന്ത്രാലയ വാർത്താസമ്മേളനത്തിൽ സംസാരിക്കുക യായിരുന്നു അവർ. അതേസമയം,പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യ ത്തെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി യുഎസ് പ്രസിഡൻറ് ഡോണാൾഡ് ട്രംപുമായും ശ്രീലങ്കൻ പ്രസിഡൻറുമായും ചർച്ച ചെയ്തുതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. സംഘർഷം ലഘൂകരിക്കുക, കപ്പൽ പാതകളുടെ സംരക്ഷണം, പ്രാദേശിക സമാധാനം, ഊർജ്ജ സുരക്ഷ, എന്നിവയിലെ ഏകോപന പ്രവർത്തനങ്ങൾ എന്നിവ ചർച്ചയായതായും അദ്ദേഹം പറഞ്ഞു.

(വോയിസ് ജയ്സ്വാൾ)

❁❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR - US

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യുഎസ് വാർ അണ്ടർ സെക്രട്ടറി, എൽബ്രിഡ്ജ് കോൾബിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

നിലവിലെ ഭൗമരാഷ്ട്രീയ സാഹചര്യത്തെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തതായി ശ്രീ ജയശങ്കർ സമൂഹമാധ്യമത്തിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁

## IRAN-US-ISRAEL

ഇറാനുമായി സമാധാന ചർച്ചകൾ നടന്നിട്ടുണ്ടെന്ന യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപിൻറെ വാദം തള്ളി ഇസ്ലാമാബാദിലെ ഇറാൻ അംബാസഡർ റെസ അമിരി മൊഗാദം. വാഷിംഗ്ടണും ടെഹ്റാനും തമ്മിൽ യാതൊരു ചർച്ചയും നടന്നിട്ടില്ലെന്ന് റെസ അമിരി മൊഗാദം പറഞ്ഞു. ഇറാനും അമേരിക്കയും ഇസ്രായേലും തമ്മിലുള്ള സമാധാന ചർച്ചകൾ സംബന്ധിച്ച വാർത്തകൾ ഐക്യരാഷ്ട്രസഭയിലെ ഇസ്രായേലിൻറെ പ്രതിനിധി ഡാനി ഡാനോൺ നേരത്തെ തള്ളിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁

## LPG DISTRIBUTION – KERALAM

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ, കേരളത്തിൽ എൽപിജി ഉപഭോക്താക്കൾക്കായി നിർദേശങ്ങൾ പുറപ്പെടുവിച്ചു. കേന്ദ്ര നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. കരിഞ്ചന്ത, അധിക വില ഈടാക്കൽ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാൻ ജില്ലകളിൽ നമ്പറുകളും സജ്ജമാക്കിയിട്ടുണ്ട്. എൽപിജി വിതരണവുമായി ബന്ധപ്പെട്ട നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ക്രൈസിസ് മാനേജ്മെന്റ് സമിതി രൂപീകരിച്ചിട്ടുണ്ട്. മുൻഗണനാ മേഖലകളുടെ എൽപിജി ആവശ്യകത പൂർണമായും നിറവേറ്റും. അർദ്ധ-മുൻഗണനാ മേഖലകൾക്ക് പ്രത്യേക ഇളവ് നൽകി യഥാർത്ഥ ആവശ്യകതയുടെ 40% ലഭ്യമാക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁

## KERALA ELECTION

നിയമസഭ തിരഞ്ഞെടുപ്പിനുള്ള പ്രചാരണവും സംസ്ഥാനത്ത് ആവേശകരമായി പുരോഗമിക്കുന്നു. മുതിർന്ന നേതാക്കളെ അടക്കം

എത്തിച്ചുള്ള  പ്രചാരണവുമായി രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് പോവുകയാണ്. മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ പിണറായി വിജയൻ ഇന്ന് കോട്ടയത്ത് എൽഡിഎഫ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. മല്ലികാർജുൻ ഖർഗേ, സച്ചിൻ പൈലറ്റ് എന്നീ മുതിർന്ന കോൺഗ്രസ് നേതാക്കൾ കോഴിക്കോട് ബീച്ചിൽ നടക്കുന്ന യുഡിഎഫ് റാലിയിൽ  പങ്കെടുകയാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഈ മാസം 29ന് തൃശ്ശൂരും പാലക്കാടും പ്രചാരണത്തിനെത്തും. പ്രതിപക്ഷനേതാവും മുതിർന്ന കോൺഗ്രസ് നേതാവുമായ വി.ഡി സതീശൻ ഇന്ന് ഒറ്റപ്പാലത്ത് പ്രചാരണം നടത്തി. കേന്ദ്രസഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ് ഗോപി നാളെ കോഴിക്കോട് റോഡ് ഷോയിൽ പങ്കെടുക്കും. ശക്ത മായ  പ്രചാരണമാണ് സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലും നടക്കുന്നത്. കടുത്ത ചൂടിനെ അവഗണിച്ചും, മികച്ച ജനപങ്കാളിത്തമാണ് പ്രചാരണ യോഗങ്ങളിൽ ദൃശ്യമാകുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸☸

## CANDIDATE LIST (INTRO)

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന പൂർത്തിയായപ്പോൾ 1759 പത്രികകൾ സ്വീകരിച്ചു. 356 എണ്ണം തള്ളി. പത്തെണ്ണം പിൻവലിച്ചിട്ടുമുണ്ട്. നാമനിർദ്ദേശപത്രിക പിൻവലിയ്ക്കാനുള്ള സമയം നാളെ അവസാനിക്കും. വിശദാംശങ്ങളിലേക്ക്.....

(വോയ്സ്)

പ്രതിപക്ഷനേതാവ് വി.ഡി സതീശൻ, ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ എന്നിവരുടെ നാമനിർദ്ദേശ പത്രികകൾ സ്വീകരിയ്ക്കാതെ മാറ്റിവച്ചിരുന്നുവെങ്കിലും പിന്നീട് സ്വീകരിച്ചു. സൂക്ഷ്മപരിശോധന പൂർത്തി യായപ്പോൾ തിരുവനന്തപുരം ജില്ലയിൽ 115 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. കൊല്ലം ജില്ലയിൽ 69 സ്ഥാനാർത്ഥികളുടെ പത്രികകൾ സ്വീകരിച്ചു.  കോഴിക്കോട് ജില്ലയിൽ 112 പേരുടെ പത്രികയാണ് സ്വീകരിച്ചത്. മലപ്പുറം ജില്ലയിൽ 113 സ്ഥാനാർഥികളാണ് മത്സര രംഗത്ത്. കണ്ണൂർ ജില്ലയിൽ 88 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്. സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം 29 സ്ഥാനാർഥികൾ പുറത്തായി. കേരളത്തിനൊപ്പം

തിരഞ്ഞെടുപ്പ് നടക്കുന്ന അസമിലും പുതുച്ചേരിയിലും ഇന്നലെയായിരുന്നു സൂക്ഷ്മ പരിശോധന.

ന്യൂസ് ഡസ്ക് ആകാശവാണി

## SARASWATI SAMMAN

2025 ലെ സരസ്വതി സമ്മാൻ പുരസ്കാരത്തിന് എഴുത്തുകാരൻ രാംകുമാർ മുഖോപാധ്യായയുടെ ബംഗാളി നോവൽ ഹര പാർബതി കഥ തിരഞ്ഞെടുത്തു.15 ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

## AKASHVANI-VANDE MATARAM

ദേശീയഗീതമായ വന്ദേമാതരം നാളെ രാവിലെ മുതൽ ആകാശവാണിയിൽ പൂർണ്ണമായി പ്രക്ഷേപണം ചെയ്യും. സ്വാതന്ത്ര്യാനന്തരം എന്നും രാവിലെ ആകാശവാണി സ്റ്റേഷനുകൾ വന്ദേമാതരത്തിൻറെ രണ്ട് ഭാഗം മാത്രമാണ് ഇതുവരെ പ്രക്ഷേപണം ചെയ്യതിരുന്നത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയ ത്തിൻറെ സമീപകാല മാർഗ്ഗനിർദ്ദേശം കണക്കിലെടുത്താണ് ദേശീയ ഗീതത്തിൻറെ പൂർണ്ണരൂപം പ്രക്ഷേപണം ചെയ്യാൻ തീരുമാനിച്ചതെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. പ്രശസ്ത ഹിന്ദി ക്ലാസിക്കൽ ഗായകൻ പണ്ഡിറ്റ് ചന്ദ്രശേഖർ വാസെ ആലപിച്ച പതിപ്പാണ് പ്രക്ഷേപണം ചെയ്യുന്നത്.

## KHELO INDIA

ആദ്യ ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിന് ഛത്തീസ്ഗഢിൽ തുടക്കമായി. കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഗെയിംസ് ഉദ്ഘാടനം ചെയ്തു. ഏപ്രിൽ മൂന്ന് വരെ നീളുന്ന ഗെയിംസിൽ അത്‌ലറ്റിക്സും നീന്തലും ഉൾപ്പെടെ ഏഴ് കായിക ഇനങ്ങളിലാണ് മത്സരം. വിവിധ സംസ്ഥാന ങ്ങളിൽ നിന്നുമുള്ള മൂവായിരത്തിലധികം ഗോത്രവർഗ അത്‌ലറ്റുകൾ ഗെയിംസിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁

## SWATHI THIRUNAL SANGEETHOLSAVAM

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ ഈ വർഷത്തെ ശ്രീ സ്വാതി തിരുനാൾ സംഗീതോത്സവം നാളെ സമാപിക്കും. ഇന്ന് അശ്വതി തിരുനാൾ രാമ വർമ്മയുടെ സംഗീതക്കച്ചേരി നടന്നു. തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളേജിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁

## WEATHER-KERALAM

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാൻ സാധ്യത യെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഉയർന്ന ചൂട് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും എന്നതിനാൽ ജനങ്ങൾജാഗ്രത പാലിക്കണ മെന്നും നിർദേശമുണ്ട്. കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളിൽ ഇന്നും നാളെയും താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. അൾട്രാവയലറ്റ് സൂചിക ഉയർന്നതിൻറെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁

## CHHATTIGARH-MAOISTS SURRENDER

ഛത്തീസ്ഗഡിൽ, മാവോയിസ്റ്റ് നേതാവ് പാപ റാവു ഉൾപ്പെടെ 18 മാവോയിസ്റ്റുകൾ പോലീസിന് മുന്നിൽ കീഴടങ്ങി. കീഴടങ്ങിയവരിൽ ഏഴ് പേർ സ്ത്രീകളാണ്. മാവോയിസ്റ്റ് സംഘടനയുടെ സംസ്ഥാന സോണൽ കമ്മിറ്റി അംഗമായിരുന്ന പാപ റാവുവിനെ പിടികൂടുന്നവർക്ക് നേരത്തെ 25 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. ബസ്തർ മേഖലയിലെ ജഗ്ദൽപൂരിൽ, മുതിർന്ന പോലീസ്- കേന്ദ്ര സായുധ പോലീസ് സേനാ ഉദ്യോഗസ്ഥർക്ക് മുമ്പാകെയാണ് സംഘം കീഴടങ്ങിയത്.

❁❁❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁